ച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ പറവൂരത്തെ കേസ്സിൽ സഹായം കൊടുക്കുമോ? നിയമതടസ്സമുണ്ടെങ്കിൽ അത് ഭേദഗതി ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

മി. സ്പീക്കർ: നേരത്തെ പറഞ്ഞല്ലോ അത് ചട്ടപ്രകാരമാണ് കൊടുക്കുന്നതെന്ന്. ചട്ടങ്ങളിൽ ഭേദഗതി വേണമെങ്കിൽ ആലോചിക്കാമെന്ന് പറഞ്ഞുവല്ലോ?

ശ്രീ. കെ. ശിവദാസൻ: നിയമം ഭേദഗതി ചെയ്താൽ മാത്രമേ അങ്ങനെ കൊടുക്കാൻ കഴിയൂ. അങ്ങനെയാണ് മെമ്പറുടെ സജഷനെങ്കിൽ അത് ഉന്നതതലത്തിൽ പരിഗണിക്കേണ്ട ഒരു വിഷയമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഭേദഗതി ഉണ്ടോ ഇല്ലയോ എന്നതു ഡെഫിനറ്റ് കാസ്റ്റ്യനാണ്. ഉണ്ടെങ്കിൽ ഉണ്ട്. ഇല്ലെങ്കിൽ ഇല്ല. അത് പറയണം.

മി. സ്പീക്കർ: അത് പറഞ്ഞല്ലോ. ഭേദഗതി ആലോചിക്കാമെന്നാണല്ലോ പറഞ്ഞത്.

കോർപ്പറേഷനതിർത്തിക്കുള്ളിൽ വീടുവയ്ക്കാനനുവാദം നൽകുന്നതു സംബന്ധിച്ച നിയമം

* 138 (182) ശ്രീ. കെ. കെ. തോമസ്:
,, എ. വി. താമരാക്ഷൻ:
,, എസ്. ആർ. തങ്കരാജ്:
,, ജി. കാർത്തികേയൻ:
,, എൻ. ശക്തൻ നാടാർ: താഴെ കാണ പാട്ടങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ വീടുവയ്ക്കുമ്പോൾ അതിന്റെ നാലുവശത്തും സ്ഥലം വിടുന്നതു സംബന്ധിച്ചുള്ള നിയമത്തിന് അടുത്തകാലത്ത് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പുതിയ ഭേദഗതികൊണ്ട് സിറ്റിക്കകത്ത് രണ്ടും മൂന്നും സെന്റുമാത്രമുള്ള ആളുകൾക്ക് വീടുവയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നഗരത്തിലെ രൂക്ഷമായ പാർപ്പിട സൗകര്യമില്ലായ്മ പ്രത്യേകം പരിഗണിച്ച് ഈ പുതിയ ഭേദഗതി പിൻവലിക്കുവാൻ ഭയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സ്റ്റീഫൻ): (എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ നിയമപ്രകാരം ഒരു വീടിന് ചുറ്റും വിടേണ്ട സ്ഥലം വീടിന്റെ വിസ്തൃതി അനുസരിച്ച് രണ്ടായി തരം തിരിച്ചിട്ടുണ്ട്.

1. അൻപത് ച. മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ.

2. അൻപത് ച. മീറ്ററോ അതിലും കുറവായ തറ വിസ്തീർണ്ണമുള്ള വീടുകൾ. ആദ്യത്തെ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ബാധകമാകുന്ന തുറസ്സായ സ്ഥലങ്ങൾ താഴെപറയും പ്രകാരമാണ്.

1. മുൻവശം: മുൻവശത്തിന് സമാന്തരമായി 3 മീറ്റർ അഥവാ 3 മീറ്റർ കിട്ടാത്ത സ്ഥലത്തിന് ശരാശരി 3 മീറ്റർ. എന്നാൽ ഏറ്റവും കുറഞ്ഞ അളവ് 1.8 മീറ്റർ ആയിരിക്കണം.

2. പിൻവശം: പിൻവശത്തിന് സമാന്തരമായി 3 മീറ്റർ ഇത് ലഭ്യമല്ലെങ്കിൽ വസ്തുവിന്റെ ആകെ വിസ്തീർണ്ണത്തിന് 20 ശതമാനം തുറസ്സായ സ്ഥല സൗകര്യം പുറകുവശത്തുണ്ടായിരിക്കുകയും കുറഞ്ഞ നീളം 1.8 മീറ്ററായിരിക്കുകയും വേണം.

3. വശങ്ങളിലുള്ള തുറസ്സായ സ്ഥലം: ഓരോ വശങ്ങളിലും ഒന്നര മീറ്റർ വീതം, എന്നാൽ, വാതിലുകളോ, ജനാലകളോ, വാതായനങ്ങളോ ഒരു വശത്തുള്ള ചുവരിൽ ഇല്ലെങ്കിൽ ആ വശത്തെ ചുവരും വസ്തുവിന്റെ അതിരുവരെ ചേർത്ത് നിർമ്മിക്കാവുന്നതാണ്.

രണ്ടാമത്തെ വിഭാഗം: ഇത് 50 ച. മീറ്ററോ അതിന് താഴെയോ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ചുറ്റുമുള്ള തുറസ്സായ സ്ഥലം വിടുന്നതിനെ സംബന്ധിച്ച് ചില പ്രത്യേക ഇളവുകൾ പുതിയ നിയമത്തിലുണ്ട്.

1. മുൻവശം: 3 മീറ്ററിന് പകരം രണ്ടരമീറ്റർ മതിയാകും.

2. പുറകുവശത്ത് 3 മീറ്ററിന് പകരം 1.8 മീറ്റർ മതിയാകും. കുടാതെ ചായം, വിറക് മുതലായവ ഇടുന്നതിന് 2 ച. മീറ്റർ വിസ്തീർണ്ണമുള്ള ഷെഡ്ഡുകൾകൂടി മേൽപ്പറഞ്ഞ തുറസ്സായ സ്ഥലത്ത് പണിയാവുന്നതാണ്.

3. ഏതെങ്കിലും ഒരു വശം ഒരതിർത്തിയോട് ചേർത്ത് മറ്റേവശം 90 സെന്റിമീറ്റർ തുറസ്സായ സ്ഥലത്തോടും കൂടി വീടുകൾ നിർമ്മിക്കാവുന്നതാണ്.

(സി) അങ്ങനെയുള്ള അവസ്ഥയൊന്നുമില്ല.

(ഡി) പിൻവലിക്കാൻ ഇപ്പോഴുദ്ദേശമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വീടുവയ്ക്കുന്നതിന്, അതിന്റെ നാലുവശത്തും സ്ഥലം വിടണം എന്നുള്ള നിലയിൽ ബിൽഡിംഗ് റൂംസിൽ മാറ്റം വരുത്തിയത് എന്നാണ്; മാറ്റം വരുത്തുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ വ്യക്തമാക്കാമോ;

ശ്രീ. സി. എം. സുന്ദരം: 1968-ലെ കേരളാ ബിൽഡിംഗ് മുനിസിപ്പൽ റൂംസിലെ നിയമങ്ങൾ ഇന്നത്തെ ആവശ്യങ്ങൾക്ക് അനുയോജ്യമല്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങൾക്ക് മാറ്റം വരുത്തിയത് നാഷണൽ ബിൽഡിംഗ് കോഡിനെ അടിസ്ഥാനമാക്കിയാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ നിന്നുമുള്ള ഇതു സംബന്ധമായ നിർദ്ദേശങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ഈ മാറ്റം ഉണ്ടായത്.

ശ്രീ. എ. വി. താമരാക്ഷൻ: നമ്മുടെ കേരളത്തിലെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ജനസാന്ദ്രത വളരെ കൂടുതലാണ്. പട്ടണങ്ങളിൽ താമസിക്കുന്നവരിൽ 90 ശതമാനവും മൂന്നും രണ്ടും സെന്റുകളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകളാണ്. മറ്റു പല സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ വ്യത്യസ്തമായ സാഹചര്യങ്ങളാണ് കേരളത്തിലുള്ളത്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട്, വീടുവയ്ക്കുന്നതിനുവേണ്ടി പതിനായിരവും മുപ്പതിനായിരവും കൊടുത്ത് രണ്ടുമൂന്നു സെന്റ് വാങ്ങിച്ചാൽ അതിൽനിന്നും മൂന്നു മീറ്റർ മാറ്റിക്കഴിഞ്ഞാൽ വീടു വയ്ക്കാൻ സ്ഥലമുണ്ടാവില്ല എന്നതുകൊണ്ട് അതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. എം. സുന്ദരം:- കേന്ദ്രത്തിന്റെ നിർദ്ദേശം അനുസരിച്ചാണ് അതാത് സംസ്ഥാനത്തിലെ സ്ഥിതിവിശേഷം അനുസരിച്ച് ഈ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ചീഫ് ടൗൺ പ്ലാനറും അവരുടെ ഒരു കമ്മിറ്റിയുമെല്ലാം ഈ വസ്തുതകൾ കണക്കിലെടുത്തുത്തന്നെയാണ് അതിനു വേണ്ടിയുള്ള ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. ഈ നിയമങ്ങൾ എല്ലാം പാലിച്ചുകൊണ്ട് ഒന്നും രണ്ടും സെന്റ് സ്ഥലങ്ങളിലെ പ്ലോട്ടുകളിൽ വീടുകൾ വയ്ക്കുന്നതിന് സാധിക്കുന്നതാണ്. ഇപ്പോഴത്തെ കെട്ടിടനിർമ്മാണ ചെലവനുസരിച്ച് ഒരു സെന്റ് വിസ്തൃതിയുള്ള പ്ലോട്ടിനകത്തു ഒറ്റനില കെട്ടിടം നിർമ്മിക്കുന്നതിന് 25,000 രൂപ വരെ ചെലവുവരും. രണ്ടുനിലയാണെങ്കിൽ 40,000 മുതൽ 50,000 രൂപവരെ വില മതിക്കത്തക്ക വീടുകൾ നിർമ്മിക്കാവുന്നതാണ്. ഇതിൽ പ്രത്യേകമായ ബുദ്ധിമുട്ടുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനുവേണ്ടുന്ന എക്സംപ്ഷൻസ് കൊടുക്കുന്നതാണ്. ഈ രീതിയിൽ വർക്ക് നടത്തുന്നതിന് ബുദ്ധിമുട്ടുകൾ എന്തെങ്കിലുമുണ്ടെങ്കിൽ ഗവൺമെന്റ് അതിന് പ്രത്യേക പരിഗണനയും എക്സംപ്ഷനുകളും കൊടുക്കാൻ തയ്യാറാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇതിനുമുമ്പ് ആണെങ്കിൽ കമ്മീഷണർമാർക്കുതന്നെ പ്ലാനിൽ ചില വ്യത്യാസങ്ങൾ വരുത്താനും സ്ഥലത്തിന്റെ സാഹചര്യമനുസരിച്ച് കെട്ടിടം വയ്ക്കുന്നതിന് അനുവാദം നൽകാനും ഉള്ള അധികാരം ഉണ്ടായിരുന്നു. ഇപ്പോൾ ആ അധികാരം സർക്കാരിനാണ്. സർക്കാരിൽ ഈ അധികാരം വന്നതിനുശേഷം വളരെയധികം ക്രമക്കേടുകൾ ഉള്ളതായും ബുദ്ധിമുട്ടുകളുണ്ടാകുന്നതായും പരാതികൾ പൊന്തിവന്നിട്ടുണ്ട്. ഇത് കണക്കിലെടുത്ത് വീണ്ടും ആ സ്ഥലത്തിന്റെ സാഹചര്യം അനുസരിച്ച് അനുവാദം കൊടുക്കുന്നതിനുള്ള അധികാരം കമ്മീഷണർമാർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: നേരത്തെ ഇത്തരം അധികാരങ്ങൾ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിരുന്നതാണ്. അതേയവസരത്തിൽ കമ്മീഷണറുടെ അധികാരം ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് നൽകിയിരുന്നു. അവർ അശാസ്ത്രീയമായും, ചട്ടങ്ങൾ പാലിക്കാതെയും കെട്ടിടങ്ങൾ കെട്ടുന്നതിന് ഉത്തരവുകൾ നൽകിക്കൊണ്ടിരുന്നു. അങ്ങനെ കെട്ടിടങ്ങളിൽ വെളിച്ചം കിട്ടാതെയും വെള്ളം കിട്ടാതെയും ബുദ്ധിമുട്ടുകളുണ്ടായതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പ്രത്യേക നിയമംതന്നെ ഉണ്ടാക്കാൻ നിർബന്ധിതമായി. എന്നുമാത്രമല്ല, താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഈ അധികാരം നൽകിയാൽ ശരിയായിരിക്കില്ലായെന്ന് അനുഭവപ്പെട്ടതിന്റെ വെളിച്ചത്തിലാണ് ഇങ്ങനെ മാറ്റം വരുത്തിയത്. ഇത് സംബന്ധമായി ധാരാളം ഉദ്യോഗസ്ഥൻമാരുടെ പേരിൽ നിയന്ത്രണങ്ങളും ശിക്ഷണ നടപടികളും വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വളരെയധികം വിഷമങ്ങൾ അനുഭവപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ചട്ടങ്ങൾ ഉണ്ടാക്കാൻ നിർബന്ധിതമായത്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഗ്രാമപ്രദേശങ്ങളിൽ കെട്ടിടം കെട്ടുന്നതിന് എത്ര ചുരുങ്ങിയ ഭൂമിയായിരുന്നാലും 'സർവ്വേ ആൻഡ്/ബൗണ്ടറി ആക്ട്' അനുസരിച്ച് പരിമിതമായ സ്ഥലം വിട്ടാൽ മതി. എന്നാൽ പട്ടണങ്ങളിൽ കെട്ടിടം കെട്ടുന്നതിന് 'സർവ്വേ ആൻഡ് ബൗണ്ടറി ആക്ട്' അനുസരിച്ച് വളരെ കുറച്ച് സ്ഥലത്ത്, അതായത്, രണ്ടും മൂന്നും സെന്റ് ഉള്ള സ്ഥലങ്ങളിൽ വയ്ക്കുന്നതിന്, പരിമിതമായ സ്ഥലം വിട്ടാൽമതിയെന്നുള്ളത് കണക്കിലെടുത്ത് അനുവാദം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: ഇത്തരം ഹർജികളെക്കുറിച്ചുള്ള മുനിസിപ്പൽ കമ്മീഷണറുടെ പരിശോധനയും അഭിപ്രായങ്ങളും മാത്രമല്ല, ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ പ്രത്യേക പരിശോധനയും പരിഗണിച്ച് സൗകര്യങ്ങളും ഗൈഡ്ലൈൻസും എല്ലാം പ്രത്യേകമായി ആവശ്യക്കാർക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: എക്സംപ്ഷൻ കൊടുക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അധികാരവികേന്ദ്രീകരണം എന്നുള്ളതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. എന്തുകൊണ്ട് സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുകൾക്ക് ഈ അധികാരം കൈമാറിക്കൂടാ?

ശ്രീ. സി. എം. സുന്ദരം: ഇപ്പോൾതന്നെ എല്ലാ ജില്ലകളിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. അത് മാത്രമല്ല, മുനിസിപ്പൽ കൗൺസിലുകൾക്ക് ഈ അധികാരങ്ങൾ നൽകുമ്പോൾ, ഈ കാര്യങ്ങളിൽ സാങ്കേതികത്വം ഉള്ളതുകൊണ്ടും ഒരു കെട്ടിടം കെട്ടുമ്പോൾ എത്ര സ്ഥലം മുൻവശത്ത് വിടണം, പിൻവശത്ത് വിടണം, വശങ്ങളിൽ വിടണം എന്നുള്ള കാര്യങ്ങളെക്കുറിച്ച് അവർക്ക് യാതൊരു അറിവും ഉണ്ടാകാൻ സാധിക്കാത്ത സാഹചര്യം ഉള്ളതുകൊണ്ടും ആണ് ഇത്തരം കാര്യങ്ങൾ സാങ്കേതിക വിദഗ്ധൻമാർ, ടെക്നിക്കലായി വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥൻമാർ, ടൗൺപ്ലാനിംഗ് ഉദ്യോഗസ്ഥൻമാർ എന്നിവർ ഒക്കെ കാര്യം ചെയ്യാൻ അനുവദിച്ചത്. ഇത്തരം അധികാരം നൽകിയതുകൊണ്ട് ആശാവഹമായ വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. വാസുദേവമേനോൻ: ടൗൺപ്ലാനിംഗ് ആക്ട് അനുസരിച്ച് ആണ് ഇതെല്ലാം നിയന്ത്രിക്കുന്നതെന്ന് ബഹുമാനപ്പെട്ടമന്ത്രി ഇവിടെ പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷനിൽ ഈ നിയമം അനുസരിച്ചും ചട്ടങ്ങളനുസരിച്ചും നിർമ്മിക്കാൻ പാടില്ലായെന്ന് പറഞ്ഞതിനുശേഷവും ഇത്തരത്തിൽ ബഹുനിലകെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗവൺമെന്റ് അനുവാദം നൽകില്ലാ

LIBRARY ARCHIVES Kerala Legislative Assembly

യെന്ന് പറഞ്ഞതിനുശേഷവും അതിനെ ലംഘിച്ചുകൊണ്ട് കെട്ടിടം കെട്ടിയത് ചൂണ്ടിക്കാണിച്ചാൽ അതിനെതിരായി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: ചിലപ്പോൾ ഇത്തരം നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഉള്ള പ്രവർത്തനങ്ങൾ ഉണ്ടാകാറുണ്ട്. അങ്ങനെ നിയമം ലംഘിച്ചുവരുന്ന കാര്യങ്ങളിൽ ഗവൺമെന്റ് പരിശോധന നടത്തുകയും എങ്ങനെയാണ് ശിക്ഷണ നടപടികൾ എന്നുള്ളത് ആലോചിക്കുകയും ചെയ്യുന്നത് സാധാരണ പതിവാണ്.

സംയോജിത ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

* 139 [183] ശ്രീ. ടി. കെ. ആറുമുഖൻ:
,, എം. വി. രാഘവൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, കെ. മൂസ്സക്കുട്ടി:
,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ;

(സി) ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിൽ പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭങ്ങളിലൂടെ വർദ്ധിപ്പിക്കുന്നതിന് ആറാം പദ്ധതിക്കാലത്ത് പ്രതിവർഷം ഓരോ ബ്ലോക്കിലും 600 കുടുംബങ്ങൾക്കുവീതം അവസരം നൽകുകയായിരുന്നു ഉദ്ദേശം. സബ്സിഡി ഇനത്തിൽ ബ്ലോക്ക് ഒന്നിന് പ്രതിവർഷം 8 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഓരോ കുടുംബത്തിനും മൊത്തം നൽകുന്ന സഹായത്തിന്റെ മൂന്നിലൊരുഭാഗം (പരമാവധി 3000 രൂപ വരെ) സബ്സിഡിയായും ബാക്കി തുക ധനസഹായസ്ഥാപനങ്ങളിൽനിന്നും വായ്പയായും നൽകുന്നു. പട്ടികവർഗ്ഗക്കാർക്ക് സബ്സിഡി തുക അൻപതു ശതമാനമായിരിക്കും. (പരമാവധി 5000 രൂപ) ചെറുകിട കർഷകർക്ക് സബ്സിഡി നിരക്ക് 25 ശതമാനമാണ്. മറ്റുള്ളവർക്ക് പരമാവധി സബ്സിഡി നിരക്ക് രണ്ടാമതു മാത്രസഹായം ഉൾപ്പെടെ 3000 രൂപ ആയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly